➩ സാധാരണക്കാരന്റെ പരിസ്ഥിതി ബോധം നേരിൽ കാണാനുള്ള അവസരമായി യാത്ര മാറി ➩

# ഏകപക്ഷീയതകൾക്ക് സ്ഥാനമില്ല

**ഗണേശ് അഞ്ചൽ**
**(യാത്രികൻ)**

ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പിലാക്കിയാൽ ജീവിക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകുമെന്ന പ്രചരണത്തിന്റെ സത്യാവസ്ഥ എന്താണെന്ന് അറിയണമെന്ന ആഗ്രമുണ്ടായിരുന്നു. വ്യാജപ്രചരണങ്ങൾ ഒരുപാട് നടന്നിട്ടുണ്ടെന്നും കർഷകർ ശരിക്കും ഭയപ്പെട്ടിരുന്നെന്നുമാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഗാഡ്ഗിൽ റിപ്പോർട്ട് യാഥാർത്ഥ്യമായാൽ ജീവിക്കാൻ കഴിയാത്ത അവസ്ഥ സംജാതമാകുമെന്നും യാന്ത്രിക പരിസ്ഥിതി വാദം വേരുപിടിക്കുമെന്നും ആത്മാർത്ഥമായി വിശ്വസിച്ച പല കർഷകരെയും യാത്രയിൽ നേരിൽ കാണാൻ കഴിഞ്ഞു. പരിസ്ഥിതി എന്നാൽ മനുഷ്യനെ പരിഗണിക്കാത്ത അവസ്ഥയാണെന്ന മുൻവിധി ജനങ്ങളിൽ കടന്നുകൂടിയിട്ടുണ്ട്. ഗാഡ്ഗിൽ റിപ്പോർട്ടിനെതിരെ പ്രചരണം നടത്തിയവർ അതിനെ ഫലപ്രദമായി മുതലെടുത്തു എന്ന് യാത്രയിൽ ബോധ്യമായി. റിപ്പോർട്ട് വായിച്ചുള്ള ആളുകളെ വളരെ കുറച്ച് മാത്രമാണ് കണ്ടത്. എന്നിട്ടും അവർ റിപ്പോർട്ടിനെതിരായിരുന്നു എന്നതാണ് വിരോധാഭാസം. റിപ്പോർട്ടിൽ എന്തുപറയുന്നു എന്നതായിരുന്നില്ല, ഗാഡ്ഗിൽ വിരുദ്ധ പ്രചാരണം കൊഴുത്തതോടെ വസ്തുവിന്റെ വില കുറഞ്ഞു എന്നതായിരുന്നു പലരുടെയും പ്രശ്നം. റിപ്പോർട്ട് യാഥാർത്ഥ്യമായാൽ യാന്ത്രിക പരിസ്ഥിതിവാദം വേരുപിടിക്കുമെന്ന അവരുടെ സന്ദേഹവും, ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പിലാക്കപ്പെടുന്നതോടെ എല്ലാ ശരിയാകുമെന്ന ചില പരിസ്ഥിതി പ്രവർത്തകരുടെ അതിരുകവിഞ്ഞ ആത്മവിശ്വാസവും ഒരുപോലെ തെറ്റാണെന്ന് യാത്ര ബോധ്യപ്പെടുത്തി.



ഏകവിളത്തോട്ടങ്ങൾ മലയോരങ്ങളിൽ പെരുകിക്കൊണ്ടിരിക്കുകയാണ്. ഓഹരി വിപണിയിൽ പണം നിക്ഷേപിക്കുന്ന മാനസികാവസ്ഥയോടെയാണ് ചില കർഷകർ ഏകവിളത്തോട്ടമുണ്ടാക്കുന്നത്. ലാഭം പ്രതീക്ഷിക്കുന്ന ഒരു ബിസിനസ്സ് മാത്രമായി കൃഷിയെ കാണുന്നവരാണ് ഗാഡ്ഗിൽ റിപ്പോർട്ടിനെ പ്രധാനമായും പേടിച്ചത്. കൃഷി തകരുമോ എന്നായിരുന്നില്ല, ബിസിനസ്സ് തകരുമോ എന്നായിരുന്നു അവരുടെ പേടി. ആ മാനസികാലസ്ഥ മാറ്റിയെടുക്കാൻ നീണ്ടുനിൽക്കുന്ന പ്രവർത്തനം വേണ്ടിവരും. അതേസമയം തങ്ങൾക്ക് ചുറ്റം സംഭവിച്ചുകൊണ്ടിരിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചും അതിന്റെ ദുരന്തവ്യാപ്തിയെക്കുറിച്ചും ബോധ്യമുണ്ടായിട്ടും ഒന്നും ചെയ്യാനാകാതെ നിസ്സഹായരായി തീർന്ന നിരവധി ജനങ്ങളെയും യാത്രയിൽ കാണാനിടയായി. വെള്ളത്തിന്റെ ലഭ്യതയില്ലുണ്ടായിരിക്കുന്ന കുറവാണ് അവരെല്ലാം പരിസ്ഥിതിയെക്കുറിച്ച് ചിന്തിപ്പിച്ചത്. മലയോരങ്ങളിൽ മിക്കയിടങ്ങളിലും വെള്ളം കിട്ടാക്കനിയായിരിക്കുന്നു. കുഴൽക്കിണറുകൾ കൂടിക്കൊണ്ടേയിരിക്കുകയാണ്. കുഴൽകിണർ പെരുകുന്നത് ഗുണകരമല്ലെന്ന് മിക്കവർക്കുമറിയാം. പക്ഷെ വെള്ളത്തിന് മറ്റുപാധികളൊന്നുമില്ല. കുഴൽകിണർ കുഴിക്കാൻ അവർ നിർബന്ധിതരാകുന്നു. പാറമടകൾ കൂടുന്നതുകൊണ്ടാണ് വെള്ളം കുറയുന്നതെന്നറിയാം. പക്ഷെ പാറമടകളെ തടയാൻ കഴിയുന്നില്ല. പ്രതിഷേധങ്ങൾ സമരമായി മാറുന്നില്ല.

സാധാരണക്കാരന്റെ പരിസ്ഥിതി ബോധം നേരിൽ കാണാനുള്ള അവസരമായി യാത്ര മാറി. ശാസ്ത്രീയമായ അറിവിന്റെയല്ല, പ്രായോഗികമായ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പരിസ്ഥിതി സംരക്ഷകരായി മാറിയ ജനങ്ങളുണ്ട്. അവർക്ക് നിലവിലെ വികസന കാഴ്ചപ്പാടിനോടും എതിർപ്പുണ്ട്. അവരെയാണ് ശരിക്കും നമ്മൾ പിന്തുണയ്ക്കേണ്ടത്. പരമ്പരാഗത പരിസ്ഥിതി പ്രവർത്തകരെക്കാൾ സാധ്യതകൾ അവർക്കുണ്ട്. ■